# Malayala Manorama

## 18 August 2018

## Mulanghunnathukavu, Kurancherri, Landslide



# കുറാഞ്ചേരിയിൽ ഉരുൾപൊട്ടലിൽ മരണം 18; ഒരാൾ കാണാമറയത്ത്

മനോരമ ലേഖകൻ

മുളങ്കുന്നത്തുകാവ് ● സമീപകാലത്തെ ഏറ്റവും വലിയ മണ്ണിടിച്ചിൽ ദുരന്തങ്ങളിലൊന്നായി കുറാഞ്ചേരി അപകടം. മരിച്ചവരുടെ എണ്ണം 18. ഒരാൾക്കായുള്ള തിരച്ചിൽ തുടരുന്നു.

കുറാഞ്ചേരി അപകടത്തിൽ കുന്നുകുഴിയിൽ മോഹനൻ (50), ഭാര്യ ആശാദേവി (48) , കുറാഞ്ചേരി മുണ്ടംപ്ലാക്കൽ ജെൻസന്റെ മക്കൾ ഹെനോക്ക് (ആറ്), മോസസ്(8), ജെൻസന്റെ സഹോദരൻ ഷാജി (52), ജെൻസന്റെ ഭാര്യാ പിതാവ് ഫ്രാൻസിസ് കളപ്പുരയ്ക്കൽ(62) എന്നിവരുടെ മൃതദേഹമാണ് ഇന്നലെ ലഭിച്ചത്. 12 പേരുടെ മൃതദേഹം കഴിഞ്ഞ ദിവസം ലഭിച്ചിരുന്നു.

പടിഞ്ഞാറെ ചാലക്കുടിയിൽ വെള്ളത്തിൽ മുങ്ങിയ വീടിനു മുകളിൽ രക്ഷാപ്രവർത്തകരെ കാത്തുനിൽക്കുമ്പോൾ മരം വീണ് അമ്മയും മകനും മരിച്ചു. പടിഞ്ഞാറെ ചാലക്കുടി മൂഞ്ഞേലി കണ്ണമ്പുഴ ഔസേപ്പ് ഭാര്യ ഏല്യ(85), മകൻ ആൻസൻ(44) എന്നിവരാണു മരിച്ചത്.

ദുരിതാശ്വാസ ക്യാംപിൽ നിന്നു വീട്ടിലെ സ്ഥിതി അറിയാൻ പോകുന്നതിനിടെ ആല ഗോതുരുത്തിൽ വെള്ളക്കെട്ടിൽ വീണു പനങ്ങായിൽ ശരത് (28) മരിച്ചു.

തൃശൂർ കുറാഞ്ചേരിയിൽ ഉരുൾപൊട്ടലിൽ മരിച്ച കുന്നേൽ മത്തായി, ഭാര്യ റോസ (ബേബി), മകൾ സൗമ്യ, സൗമ്യയുടെ മക്കളായ മെറിൻ, മെൽന.

തൃശൂർ കുറാഞ്ചേരിയിൽ ഉരുൾപൊട്ടലിൽ വീടുതകർന്ന് മരിച്ച മുണ്ടംപ്ലാക്കൽ ജെൻസൻ, മക്കളായ യാഫത്ത്, മോസസ്, ഹെനോക്ക് (മോസസിനെ ഇതുവരെ കണ്ടുകിട്ടിയിട്ടില്ല).

കുറാഞ്ചേരിയിൽ ഉരുൾപൊട്ടലിൽ മരിച്ച കുറാഞ്ചേരി കുന്നുകുഴിയിൽ മോഹനൻ, ഭാര്യ ആശാദേവി, മക്കളായ അമൽ, അഖിൽ.

കുറാഞ്ചേരിയിൽ മരിച്ച പാറേക്കാട്ടിൽ റോസിലി, പേരക്കുട്ടി ഏഞ്ചൽ, മുണ്ടംപ്ലാക്കൽ ജെൻസന്റെ ഭാര്യാമാതാവ് സാലി, മുണ്ടംപ്ലാക്കൽ ഷാജി.